## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2407 — 14. 06. 2019 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. സുരക്ഷാ നയം

ചോദ്യം
ശ്രീ.ടി.എ.അഹമ്മദ് കബീർ

ഉത്തരം
ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) എന്തെല്ലാം മാനദണ്ഡങ്ങളാണ് കെ എസ് ഇ ബി യുടെ സുരക്ഷാ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) വൈദ്യുത മേഖലയിൽ ജോലി ചെയ്യുന്നവർക്കും, മേൽനോട്ടം വഹിക്കുന്നവർക്കും, പൊതുജനങ്ങൾക്കും വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽ നിന്നും അപകടം ഉണ്ടാകാതിരിക്കാൻ വേണ്ടി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 2010-ലെ സുരക്ഷാ റെഗുലേഷനുകളും സുരക്ഷയുമായി ബന്ധപ്പെട്ട IS 5216, OHSAS 18001: 2007 എന്നിവ ഉൾപ്പെടെ നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങളും ആണ് കെ.എസ്.ഇ.ബി.-ലിമിറ്റഡിന്റെ സുരക്ഷാ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) ഇത് സംബന്ധിച്ച് പൊതുജനങ്ങളെയും ബോധവൽക്കരിക്കുന്നതിന് കെ.എസ്.ഇ.ബി. പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) വൈദ്യുതാപകടങ്ങൾ ഒഴിവാക്കുവാൻ പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് വിവിധ പരിപാടികളാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവിഷ്കരിച്ചിട്ടുള്ളത്.<br><br>സുരക്ഷാ നയം എല്ലാ ജീവനക്കാരിലേയ്ക്കും പൊതുജനങ്ങളിലേയ്ക്കും എത്തിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ടി വിഷയത്തിൽ പരിശീലകരായി തിരഞ്ഞെടുത്ത എഴുന്നൂറോളം എഞ്ചിനീയർമാർക്ക് ഇതിനോടകം പരിശീലനം നൽകി. ഇവർ വഴി മറ്റു ജീവനക്കാർക്കും പൊതുജനങ്ങൾക്കും വേണ്ടി സുരക്ഷാ നയവുമായി ബന്ധപ്പെട്ട പരിശീലന/ബോധവത്കരണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നു.<br><br>കൂടാതെ 2019 മേയ് മാസം ആദ്യ ആഴ്ച സുരക്ഷാവാരമായി ആചരിച്ചു. പഞ്ചായത്ത് മെമ്പർമാർ, പൊതു പ്രവർത്തകർ, എൻ.ജി.ഒ, റെസിഡൻഷ്യൽ അസോസിയേഷനുകൾ തുടങ്ങിയവരുടെ സഹകരണത്തോടെ വിവിധങ്ങളായ പൊതുജന ബോധവത്കരണ പരിപാടികളോട്ടു കൂടിയാണ് സുരക്ഷാവാരം ആചരിച്ചത്.<br><br>ഇക്കാലത്ത് മൈക്ക് അനൗൺസ്മെന്റ്, മാസ്സ് റാലി, റോഡ് ഷോ, മറ്റ് വിവിധങ്ങളായ പരിപാടികൾ പ്രാദേശികമായി നടത്തി. സെക്ഷൻ, സബ് ഡിവിഷൻ/ ഡിവിഷൻ തലത്തിൽ പ്രാദേശിക FM റേഡിയോ നടത്തിപ്പുകാരുമായി ബന്ധപ്പെട്ട് അവരുടെ തനത് പരിപാടികളിൽ |

| | |
|---|---|
| | സുരക്ഷാ വാരാചരണവും അതിന്റെ പ്രാധാന്യവും പ്രചരിപ്പിക്കുന്ന ചർച്ചകൾ നടത്തി. പ്രാദേശിക റ്റി.വി ചാനൽ നടത്തിപ്പുകാരുമായി ബന്ധപ്പെട്ട് അവരുടെ തനത് പരിപാടികളിൽ സുരക്ഷാ വാരാചരണവും അതിന്റെ പ്രാധാന്യവും പ്രചരിപ്പിക്കുന്ന ചർച്ചകൾ നടത്തി സ്ക്രോൾ ന്യൂസ് കാണിച്ചു. കൂടാതെ ഇതിനോടനുബന്ധിച്ച് എല്ലാ ഓഫീസുകളിലും "സമ്പൂർണ്ണ സുരക്ഷാ വർഷം 2019" "വൈദ്യുതി സുരക്ഷാവാരാചരണം-2019 മെയ് 1 മുതൽ 7 വരെ" "വൈദ്യുതി സുരക്ഷ നടപടികൾ പാലിക്കൂ, വൈദ്യുതി അപകടങ്ങൾ ഒഴിവാക്കൂ" എന്ന ബോർഡ് സ്ഥാപിച്ചു.<br>കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ സുരക്ഷാ വിഭാഗം കുടുംബശ്രീ മിഷൻ ഡയറക്ടറുമായി നടത്തിയ ചർച്ചയുടെ ഭാഗമായി 5 ലക്ഷം കുടുംബശ്രീ യൂണിറ്റുകൾ വഴി ബോധവൽക്കരണ കാമ്പയിൻ നടത്താൻ തീരുമാനമായിട്ടുണ്ട്. ആയതിലേക്കായി ജില്ലാ കുടുംബശ്രീ മിഷൻ കോ ഓർഡിനേറ്ററുമായും, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുമായും ചീഫ് സേഫ്റ്റി ഓഫീസർ ബന്ധപ്പെട്ട് സെക്ഷൻ തലത്തിൽ കുടുംബശ്രീയിലെ അംഗങ്ങൾക്ക് സുരക്ഷാ പരിശീലന ക്ലാസുകൾ നടത്തുന്നതിന് തീരുമാനിച്ചു.<br><br>വൈദ്യുതി ഉപഭോക്താക്കളേയും പൊതുജനങ്ങളേയും വൈദ്യുത സുരക്ഷയെക്കുറിച്ച് ബോധവത്കരിക്കുന്നതിനുള്ള മഴക്കാലപൂർവ്വ പ്രവർത്തനങ്ങൾ ഫീൽഡ് ഓഫീസുകൾ വഴി ഇപ്പോൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ